**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4752** | **02-07-2024 - ൽ മറുപടിയ്ക്ക്**

**പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ ഫിഷറീസ് വകുപ്പിന് 15.12.2007-ൽ കൈമാറി കിട്ടിയ 50 ഏക്കർ ഭൂമിയിൽ അക്വാ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | സമുദ്ര ശാസ്ത്ര ഗവേഷണവും ബോധവത്ക്കരണവും അക്വാ ടൂറിസവും ലക്ഷ്യമിട്ട് പുതുവൈപ്പ് വില്ലേജിൽ ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിന് 2008 വർഷത്തിൽ 350 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്. 2008 ലെ കണക്ക് പ്രകാരം 350 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ഇതിൽ 74% സർക്കാർ വിഹിതവും 26% സ്വകാര്യ വിഹിതവുമാണ്. ഈ പദ്ധതി പ്രകാരം Oceanarium, Mangrove Botanical Garden & Hut, Dolphin Research center, Marine taxonomic Center & Museum, Seafood Restaurant, Water Sports, Training Center and Demonstration on technologies in farming and fisheries, Green concept in the Aqua park എന്നീ ഘടകങ്ങൾ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.<br><br>അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കണ്ടൽക്കാട് നിറഞ്ഞ പ്രദേശമായതിനാൽ പരിസ്ഥിതി വകുപ്പിന്റെ അനുമതിയും, തീരദേശ നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകളും ലഭ്യമാക്കേണ്ടി വരും .തീരദേശ നിയന്ത്രണങ്ങളിൽ നിന്നുള്ള ഇളവിന് വിശദമായ പദ്ധതി രൂപരേഖ (DPR) സഹിതമാണ് അപേക്ഷിക്കേണ്ടത്. പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചുവെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടൽക്കാടുകൾക്ക് പകരം കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നടപ്പിലാക്കുന്നതിന്റെ തടസ്സം മൂലം പദ്ധതി പുരോഗമിക്കുവാൻ കഴിഞ്ഞില്ല. ഇതിലേക്കായി എറണാകുളം കനയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഏകദേശം 40 ഏക്കർ സ്ഥലം അനുവദിച്ചുവെങ്കിലും വസ്തു സംബന്ധിച്ച് ലാന്റ് ട്രിബ്യൂണലുകളിൽ 16 കേസുകൾ ഉണ്ടായിരുന്നു. കേരള സംസ്ഥാന |

തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. പദ്ധതിക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അനുമതി ലഭിച്ചിരുന്നു.

റവന്യൂവകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുതുവൈപ്പ് വില്ലേജിലെ 50ഏക്കർ സ്ഥലം 15/12/2007 തീയതിയിലെ 441/ 2007/ആർ.ഡി ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. പദ്ധതി അതേപടി നടപ്പാക്കുകയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓഷ്യനേറിയവും അനുബന്ധ ഘടകങ്ങൾക്കുമായി ഏകദേശം 800 മുതൽ 1000 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

Comprehensive Concept Note തയ്യാറാക്കി സമർപ്പിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ചെയർമാനായും KSCADC, ADAK, ഹാർബർ എഞ്ചിനീയറിംഗ്, CIAL, ഫിഷറീസ് വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിയും 11 അംഗ കമ്മറ്റി രൂപികരിക്കുകയും, കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും ചെയ്തിരുന്നു.

പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തികൊണ്ടും, കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു EOI തയ്യാറാക്കാൻ തീരുമാനിക്കുകയും, ഇതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ WAPCOS നോട് പദ്ധതി രൂപരേഖ തയാറാക്കുന്നതിന് ആവശ്യപ്പെട്ടു. Detailed Project Report, Expression of Interest, Technical Proposal Document, Tender Documents എന്നിവ തയ്യാറാക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിന് 2 കോടി രൂപ PMMSY പദ്ധതിയിൽ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് 16/09/2021 -ന്

| | | | |
|---|---|---|---|
| | | | കൂടിയ കേന്ദ്ര പ്രൊജക്ട്സ് അപ്രൈസൽ കമ്മിറ്റി പരിഗണിച്ചില്ല.<br><br>തുടർന്ന് പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള Techno commercial & Environment feasibility study നടത്തുന്നതിനായി 3.50 കോടി രൂപ അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടു. പ്രധാനമന്ത്രി മൽസ്യസമ്പദാ യോജന പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയാത്തതിനാൽ തുക നൽകാനായില്ല. തുടർന്ന് 03/01/2024 -ന് ചേർന്ന മന്ത്രിതല യോഗത്തിൽ പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിന് വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധികധനാനുമതി മുഖേന ലഭ്യമാക്കുന്നതിനും PPP മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യത കൂടി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്നതിനും പദ്ധതിക്കായി ബജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>14/03/2008 തീയതയിലെ സ. ഉ. (കൈ) നം. 15/2008/മ.തു.വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും വലിയ സാമ്പത്തിക സഹായം പ്രതീക്ഷിച്ചിരുന്നു. പദ്ധതി അതേപടി നടപ്പാക്കുകയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓഷ്യനേറിയവും അനുബന്ധ ഘടകങ്ങൾക്കുമായി ഏകദേശം 800 മുതൽ 1000 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ഈ പദ്ധതിക്ക് ധനസഹായമൊന്നും അനുവദിക്കില്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 03/01/2024 -ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധിക ധനാനുമതി മുഖേന തുക അനുവദിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് 03.01.2024-ന് മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | സമുദ്ര ശാസ്ത്ര ഗവേഷണവും ബോധവത്ക്കരണവും അക്വാ ടൂറിസവും ലക്ഷ്യമിട്ട് പുതുവൈപ്പ് വില്ലേജിൽ ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിന് 2008 വർഷത്തിൽ 350 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്. 2008 ലെ കണക്ക് പ്രകാരം 350 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ഇതിൽ 74% സർക്കാർ വിഹിതവും 26% സ്വകാര്യ വിഹിതവുമാണ്. ഈ പദ്ധതി പ്രകാരം Oceanarium, Mangrove |

Botanical Garden & Hut, Dolphin Research center, Marine taxonomic Center & Museum, Seafood Restaurant, Water Sports, Training Center and Demonstration on technologies in farming and fisheries, Green concept in the Aqua park എന്നീ ഘടകങ്ങൾ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.

അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കണ്ടൽക്കാട് നിറഞ്ഞ പ്രദേശമായതിനാൽ പരിസ്ഥിതി വകുപ്പിന്റെ അനുമതിയും, തീരദേശ നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകളും ലഭ്യമാക്കേണ്ടി വരും .തീരദേശ നിയന്ത്രണങ്ങളിൽ നിന്നുള്ള ഇളവിന് വിശദമായ പദ്ധതി രൂപരേഖ (DPR) സഹിതമാണ് അപേക്ഷിക്കേണ്ടത്. പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചുവെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടൽക്കാടുകൾക്ക് പകരം കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നടപ്പിലാക്കുന്നതിന്റെ തടസ്സം മൂലം പദ്ധതി പുരോഗമിക്കുവാൻ കഴിഞ്ഞില്ല. ഇതിലേക്കായി എറണാകുളം കനയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഏകദേശം 40 ഏക്കർ സ്ഥലം അനുവദിച്ചുവെങ്കിലും വസ്തു സംബന്ധിച്ച് ലാന്റ് ട്രിബ്യൂണലുളിൽ 16 കേസുകൾ ഉണ്ടായിരുന്നു. കേരള സംസ്ഥാന തീരദേശ വികസനകോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. പദ്ധതിക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അനുമതി ലഭിച്ചിരുന്നു.

റവന്യൂവകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുതുവൈപ്പ് വില്ലേജിലെ 50ഏക്കർ സ്ഥലം 15/12/2007 തീയതിയിലെ 441/ 2007/ആർ.ഡി ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. പദ്ധതി അതേപടി നടപ്പാക്കുകയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓഷ്യനേറിയവും അനുബന്ധ ഘടകങ്ങൾക്കുമായി ഏകദേശം 800 മുതൽ 1000 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

Comprehensive Concept Note തയ്യാറാക്കി സമർപ്പിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ചെയർമാനായും KSCADC, ADAK, ഹാർബർ എഞ്ചിനീയറിംഗ്, CIAL, ഫിഷറീസ് വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിയും 11 അംഗ കമ്മറ്റി

രൂപികരിക്കുകയും, കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും ചെയ്തിരുന്നു.

പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തികൊണ്ടും, കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു EOI തയ്യാറാക്കാൻ തീരുമാനിക്കുകയും, ഇതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ WAPCOS നോട് പദ്ധതി രൂപരേഖ തയാറാക്കുന്നതിന് ആവശ്യപ്പെട്ടു. Detailed Project Report, Expression of Interest, Technical Proposal Document, Tender Documents എന്നിവ തയ്യാറാക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിന് 2 കോടി രൂപ PMMSY പദ്ധതിയിൽ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതു 16/09/2021 -ന് കൂടിയ കേന്ദ്ര പ്രൊജക്റ്റ്സ്അപ്രൈസൽ കമ്മിറ്റി പരിഗണിച്ചില്ല.

തുടർന്ന് പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള Techno commercial & Environment feasibility study നടത്തുന്നതിനായി 3.50 കോടി രൂപ അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടു. പ്രധാനമന്ത്രി മൽസ്യസമ്പദാ യോജന പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയാത്തതിനാൽ തുക നൽകാനായില്ല. തുടർന്ന് 03/01/2024 -ന് ചേർന്ന മന്ത്രിതല യോഗത്തിൽ പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിന് വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധികധനാനുമതി മുഖേന ലഭ്യമാക്കുന്നതിനും PPP മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യത കൂടി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്നതിനും പദ്ധതിക്കായി ബജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

| | | | |
|---|---|---|---|
| | | | 14/03/2008 തീയതയിലെ സ. ഉ. (കൈ) നം. 15/2008/മ.ഉ.വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും വലിയ സാമ്പത്തിക സഹായം പ്രതീക്ഷിച്ചിരുന്നു. പദ്ധതി അതേപടി നടപ്പാക്കുകയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഓഷ്യനേറിയവും അനുബന്ധ ഘടകങ്ങൾക്കുമായി ഏകദേശം 800 മുതൽ 1000 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ഈ പദ്ധതിക്ക് ധനസഹായമൊന്നും അനുവദിക്കില്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 03/01/2024 -ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധിക ധനാനുമതി മുഖേന തുക അനുവദിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ